# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5502 04.07.2013 - ൽ മറുപടിക്ക്

## പമ്പിംഗ് സ്റ്റേഷനുകളിൽ ആവശ്യമായ മോട്ടോറുകൾ സ്ഥാപിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി. സുധാകരൻ | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ആലപ്പുഴ ജില്ലയിലെ വാട്ടർ അതോറിറ്റിയുടെ പമ്പിംഗ് സ്റ്റേഷനുകളിൽ വേണ്ടത്ര മോട്ടോറുകൾ ഇല്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) 3.5.2013-ൽ ബഹു. മുഖ്യമന്ത്രി പങ്കെടുത്ത് ആലപ്പുഴ ജില്ലാ കളക്ടറേറ്റിൽ വച്ച് കൂടിയ യോഗത്തിൽ അടിയന്തിരമായി അഞ്ച് പമ്പിംഗ് മോട്ടോറുകൾ വാങ്ങുവാൻ തീരുമാനിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ എത്ര മോട്ടോറുകൾ വാങ്ങി; ഇവ പ്രവർത്തിച്ചു തുടങ്ങിയോ; വ്യക്തമാക്കാമോ ? | (ബി) ബഹു. മുഖ്യമന്ത്രി പങ്കെടുത്ത യോഗത്തിന്റെ തീരുമാനപ്രകാരം ആലപ്പുഴ ഡിവിഷനു കീഴിലുള്ള വിവിധ പമ്പ് ഹൗസുകളിൽ 23 മോട്ടോറുകൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തിരുവല്ല ഡിവിഷനു കീഴിലുള്ള ആലപ്പുഴ ജില്ലയിലെ കുട്ടനാട്ടിൽ ഡി.ആർ.ഡബ്ല്യു 2013-ൽ ഉൾപ്പെടുത്തി ഒരു പമ്പ് സെറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇവ പ്രവർത്തിച്ചു തുടങ്ങിയിട്ടില്ല. സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ